പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 120 01-12-2014-ൽ മറുപടിയ്ക്ക്

## മദ്യാസക്തിക്കെതിരായ ബോധവൽക്കരണം

ചോദ്യം:

ശ്രീ. ജോസഫ് വാഴയ്ക്കൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി.റ്റി. ബൽറാം

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) | ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികൾ. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പരിപാടികളുടെ സവിശേഷതകളും പ്രവർത്തനരീതിയും വിശദീകരിക്കുമോ; | (ബി) | ലഹരി വിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനോടൊപ്പം വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതുപോലെ ഉണ്ടാകുന്ന സാമൂഹ്യ വിപത്തിനെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുക, മദ്യപാനംമൂലം തകർന്ന വ്യക്തികളെ അതിൽനിന്നും പിൻതിരിപ്പിക്കുക എന്നിവയാണ് ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ജില്ലാതല ബോധവൽക്കരണ പ്രവർത്തനങ്ങൾ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലാണ് നടപ്പിലാക്കി വരുന്നത്. ഈ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനത്തിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. |
| (സി) | പ്രചാരണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (സി) | ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ |

| | | | |
|---|---|---|---|
| | | | അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികൾ. ഈ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടേയും നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ